# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2672** 12-03-2018-ൽ മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസരംഗത്ത് പരിഷ്കാരങ്ങൾ

ചോദ്യം ഉത്തരം

ശ്രീ. എം. സ്വരാജ് : പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പരിഷ്കാരങ്ങൾ കൊണ്ടുവന്നുവെന്ന് അറിയിക്കുമോ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | 1. കേരളത്തിലെ സർക്കാർ കോളേജുകൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി എറണാകുളം മഹാരാജാസ് കോളേജ് ഡിജിറ്റലൈസ് ആക്കുന്നതിനും ആട്ടോണമി ആക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപയും, 2017-18 വർഷത്തിൽ 100 ലക്ഷം രൂപയും അനുവദിച്ചു.<br>2. 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ സർക്കാർ കോളേജുകളിലായി പുതിയ 11 കോഴ്സുകളും അവയുടെ |

| | |
|---|---|
| | പഠനത്തിനായി 37 തസ്തികകളും സൃഷ്ടിച്ചു.<br>3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം കേരളത്തിലെ വിവിധ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലായി 256 അദ്ധ്യാപകരെയും 407 അനദ്ധ്യാപകരെയും നിയമിച്ചു.<br>4. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പുരോഗതിയ്ക്കും ആധുനികവത്കരണത്തിനുമായി കിഫ്ബിയുടെ സഹായത്തോടെ 5 പൈതൃക കോളേജുകൾ ഉൾപ്പെടെ 52 കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ ഫണ്ട് സ്കീമുകളിലെ തുകയോടൊപ്പം കിഫ്ബി ഫണ്ടും ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി.<br>5. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശ രേഖകൾ (Title, deed കൈവശാവകാശ സർട്ടിഫിക്കറ്റ്, സ്കെച്ച്, പ്ലാൻ, മാപ്പ്, underground utility location) എന്നിവ ലഭ്യമാക്കുകയെന്ന വലിയ ലക്ഷ്യത്തോടെ ഒരു പ്രോപ്പർട്ടി മാനേജ്മെന്റ് സെൽ |

| | |
|---|---|
| | രൂപീകരിച്ചു.<br>6. ഗിരിവർഗ്ഗ പ്രാമുഖ്യമുള്ള പ്രദേശങ്ങളായ അട്ടപ്പാടി, മൂന്നാർ, കട്ടപ്പന തുടങ്ങിയ പ്രദേശങ്ങളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചു.<br>7. ഉന്നത വിദ്യാഭ്യാസ രംഗത്തെ കോളേജുകളുടെ ഗ്രേഡിംഗ് സമ്പ്രദായം അനുസരിച്ച് 29 കോളേജുകളെ NAAC അക്രഡിറ്റേഷന്റെ പരിധിയിൽ കൊണ്ടു വന്നു.<br>8. സംസ്ഥാനത്തെ മുഴുവൻ എയ്ഡഡ് കോളേജുകളിലെയും അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാർക്ക് GAINPF (Govt. Aided Institution Provident Fund) മുഖേന ഓൺലൈൻ ക്രെഡിറ്റ് കാർഡ് നൽകുന്നതിനും അതുവഴി പി.എഫ് വിതരണത്തിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും പ്രൈവറ്റ് എയിഡഡ് കോളേജ് ജീവനക്കാരുടെ പി.എഫ് ആനുകൂല്യങ്ങളായ NRA, Closure, TA, Admission എന്നിവ പൂർണ്ണമായും Online Software വഴി നടപ്പിലാക്കുവാൻ കഴിഞ്ഞു.<br>9. സ്വന്തമായി കെട്ടിടം ഇല്ലാത്ത എല്ലാ ഗവൺമെന്റ് കോളേജുകൾക്കും വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ച് സ്ഥലം |

| | |
|---|---|
| | വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>10. സർക്കാർ കോളേജുകളിലെ ഹോം സയൻസ്, സൈക്കോളജി, ബോട്ടണി എന്നീ വിഷയങ്ങളിലെ നേട്ടങ്ങൾ സാധാരണക്കാരായ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി RUSA-യുടെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരിയിൽ എല്ലാ ജില്ലകളിലും "ശാസ്ത്രയാൻ" പദ്ധതി നടപ്പിലാക്കി.<br>11. സർക്കാർ എയിഡഡ് മേഖലയിൽ പീരുമേട് എസ്.എൻ ആർട്സ് & സയൻസ് കോളേജും മുണ്ടക്കയത്ത് ശ്രീ. സാരാഭായ് ആർട്സ് & സയൻസ് കോളേജും അനുവദിച്ചു.<br>12. എയിഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുകയും തുടർന്ന് പുതിയതായി സൃഷ്ടിച്ച തസ്തികകളിലേക്ക് നിയമനങ്ങളും പ്രൊമോഷനുകളും നടത്തുകയും ചെയ്തുവരുന്നു.<br>13. കിഫ്ബിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി എഞ്ചിനീയറിംഗ് കോളേജുകളിൽ 75 കോടി രൂപയും പോളിടെക്നിക്കുകൾക്ക് 50 കോടി |

| | |
|---|---|
| | രൂപയും അനുവദിച്ചിട്ടുണ്ട്. പഠന നിലവാരം ഉറപ്പുവരുത്താനും ദേശീയ അന്തർദേശിയതല അംഗീകാരം ഉറപ്പാക്കാനും അക്രിഡിറ്റേഷൻ നടപടികൾ പോളിടെക്നിക്ക്, എഞ്ചിനീയറിംഗ് കോളേജുകളിൽ 2017-18 മുതൽ സ്വീകരിച്ചിട്ടുണ്ട്. പുതുതലമുറയിലെ എഞ്ചിനീയർമാർക്ക് പ്രയോഗിക പരിശീലനം നൽകുന്നതിനും റോബോട്ടിക്സ്, ആട്ടോമേഷൻ തുടങ്ങിയ നൂതന സാങ്കേതിക വിദ്യയിൽ പ്രവീണ്യരാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ''റോബോട്ടിക്സ് ലാബുകൾ'' സർക്കാർ പോളിടെക്നിക്കുകളിൽ സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമൂഹത്തിന് ആവശ്യമുള്ള ഗുണനിലവാരമുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും ഇന്റർഡിസിപ്ലിനറി സ്വഭാവമുള്ള ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 2018-19 ൽ ഇന്റർ ഡിസിപ്ലിനറി റിസെർച്ച് സെന്ററുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഭാരതത്തിലും വിദേശത്തുമുള്ള പ്രശസ്തമായ സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അവസരം ലഭ്യ |

| | |
|---|---|
| | മാക്കുന്നതിനുള്ള നടപടികൾ ആരംഭി ച്ചിട്ടുണ്ട്. അധ്യാപന രീതിയിൽ ആധുനിക പരിശീലനം അദ്ധ്യാപകർക്ക് നൽകുന്ന തിനായും സ്ഥാപനങ്ങളുടെ ഗുണനില വാരം മെച്ചപ്പെടുത്തുന്നതിനായും ഇന്റേർ ണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി സംയോജിപ്പിച്ച് അക്കാദമിക് സ്റ്റാഫ് കോളേജ് 2018-19-ൽ ആരംഭി ക്കുവാൻ ഉദ്ദേശിക്കുന്നു.<br>കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ പുതിയ രണ്ട് സബ് സെന്ററുകൾ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാടും കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിലും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**